കാലഘട്ടം	വായ്പാചെലവ് (രൂപ കോടിയിൽ)
1990-1991	90.46
1995-1996	291.80
2000-2001	762.90

വൈദ്യുതി ബോർഡ് ഗവൺമെന്റിന് നൽകേണ്ട തുക

6 (1654) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. വി. ബാലറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉപഭോക്താക്കളിൽ നിന്ന് എന്തെല്ലാം ഇനത്തിലുള്ള ചാർജ്ജാണ് ബോർഡ് ഈടാക്കുന്നത് ;

(ബി) ഇതിൽ ഗവൺമെന്റിന് ലഭിക്കുന്ന ഇനങ്ങൾ ഏതാണ് ;

(സി) ഈ ഇനത്തിൽ ഗവൺമെന്റിന് ഒരുമാസം എന്തു തുക കൊടുക്കുവാനുള്ള ബാദ്ധ്യത വൈദ്യുതി ബോർഡിനുണ്ട് ;

(ഡി) ഈ തുക കൃത്യമായി ഗവൺമെന്റിലടയ്ക്കുന്നുണ്ടോ ; ഇല്ലാത്തപക്ഷം ഈ ഇനത്തിൽ ബോർഡ് എന്തു തുക കുടിശ്ശിക വരുത്തിയിട്ടുണ്ട് ?

ഉത്തരം

(എ) എനർജി ചാർജ്ജും ഇലക്ട്രിസിറ്റി ഡ്യൂട്ടിയും എല്ലാ വിഭാഗങ്ങളിൽപ്പെട്ട ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നു. സ്വന്തം ചെലവിൽ മീറ്റർ സ്ഥാപിച്ചിട്ടുള്ള ഉപഭോക്താക്കൾ ഒഴികെയുള്ള എല്ലാ വിഭാഗം ലോടെൻഷൻ ഉപഭോക്താക്കളിൽ നിന്നും മീറ്റർ വാടക ഈടാക്കുന്നു. ഗാർഹിക ഉപഭോക്താക്കൾ, അന്ധരും ബധിരരുമായ ആളുകൾ താമസിക്കുന്നസ്ഥലം എന്നിവ ഒഴികെയുള്ള ഉപഭോക്താക്കളിൽ നിന്നും ഫിക്സഡ് ചാർജ് ഈടാക്കുന്നു. ലൈൻ റെന്റൽ, മിനിമം 35 മീറ്ററിനു മുകളിൽ 200 മീറ്ററിനകത്ത് ഓവർഹെഡ് ലൈൻ വലിച്ച് കണക്ഷൻ എടുത്തിട്ടുള്ള ലോ ടെൻഷൻ ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നുണ്ട്.

(ബി) ഇലക്ട്രിസിറ്റി ഡ്യൂട്ടി ഇനത്തിൽ ലഭിക്കുന്ന തുക.

(സി) ഏകദേശം 13 കോടി രൂപ.

(ഡി) ഈ തുക സർക്കാർ ബോർഡിന് നൽകേണ്ട തുകയിൽ തട്ടിക്കിഴിക്കുകയാണ് പതിവ്. 2001-2002 വരെയുള്ള തുക തട്ടിക്കിഴിക്കുവാൻ സർക്കാർ ഉത്തരവ് നൽകി. 2002-2003-ലെ പ്രസ്തുത ബാദ്ധ്യത സർക്കാരിന്റെ ബഡ്ജറ്റിൽ ബോർഡിനു നൽകേണ്ട സബ്സിഡി ഇനത്തിൽ തട്ടിക്കിഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly